**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 162** **03-03-2025 - ൽ മറുപടിയ്ക്ക്**

**അജൈവ മാലിന്യ ശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | അജൈവ മാലിന്യം ശേഖരിക്കുന്നതിന് നിലവിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | വീടുകളിലും സ്ഥാപനങ്ങളിലും നിന്നുള്ള അജൈവ മാലിന്യങ്ങൾ തരം തിരിച്ച്, യൂസർ ഫീ ഈടാക്കി ഹരിതകർമ്മ സേന വാതിൽപ്പടിശേഖരണത്തിലൂടെ ശേഖരിക്കുകയും വാർഡ് തല മിനി എം.സി.എഫ്-കളിൽ എത്തിക്കുകയും അവിടെ നിന്നും അവ ട്രാൻസ്പോർട്ടേഷൻ പ്ലാൻ പ്രകാരം തദ്ദേശസ്ഥാപന തലത്തിലുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) തുടങ്ങിയ ഇടങ്ങളിൽ എത്തിക്കുകയും അവിടെ നിന്നും ടി മാലിന്യങ്ങൾ ലിഫ്റ്റിംഗ് പ്ലാൻ പ്രകാരം തദ്ദേശസ്ഥാപനങ്ങൾ ചുമതലപ്പെടുത്തിയിട്ടുള്ള CKCL /സ്വകാര്യ ഏജൻസികൾ മുഖാന്തിരം നിർമ്മാർജ്ജന/പുനഃചംക്രമണ സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നു. |
| (ബി) | അജൈവ മാലിന്യം ശേഖരിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിരിക്കുന്ന പ്രതിമാസ നിരക്ക് മാലിന്യത്തിന്റെ തോതനുസരിച്ച് വർദ്ധിപ്പിക്കാൻ അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഹരിതകർമ്മസേന വീടുകളിൽ നിന്നും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ പ്രതിമാസ നിരക്ക് ഗ്രാമപഞ്ചായത്തുകളിൽ 50/-രൂപയും നഗരസഭകളിൽ 70/-രൂപയും സ്ഥാപനങ്ങൾക്കുള്ള നിരക്ക് 100/-രൂപയുമാണ്. ഉൽപാദിപ്പിക്കുന്ന മാലിന്യത്തിന് ആനുപാതികമായും ശേഖരിക്കുന്ന സ്ഥലത്തിന്റെ ദുർഘടത പോലുള്ള ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾക്ക് അനുസരിച്ചും വ്യത്യാസപ്പെടാവുന്ന യൂസർ ഫീ നിരക്ക് നിശ്ചയിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട തദ്ദേശസ്ഥാപന ഭരണ സമിതികൾക്കാണ്. |
| (സി) | മാലിന്യ ശേഖരണത്തിന് ഈടാക്കുന്ന തുക ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | മാലിന്യം ശേഖരിക്കുന്ന സ്ഥലങ്ങളുടെ ദുർഘടത പോലുള്ള ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുടെ പശ്ചാത്തലത്തിൽ യൂസർഫീ നിരക്കുകൾ വ്യത്യാസപ്പെടുന്ന സാഹചര്യത്തിൽ യൂസർഫീ |

| | | | |
|---|---|---|---|
| | | | നിരക്ക് ഏകീകരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. എന്നാൽ ഏതെല്ലാം സാഹചര്യങ്ങളിൽ നിരക്ക് വർദ്ധിപ്പിക്കാം എന്നതിന് സൂചകങ്ങൾ നൽകി അമിത തുക ഈടാക്കുന്നത് തടയുന്നതിനുള്ള മുൻകരുതൽ സർക്കാർ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ